ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ യഥാസമയം ഗവൺമെന്റ് പ്ലീഡറെ ചുമതല പ്പെടുത്തുകയും കാര്യവിവരപത്രിക നൽകുകയും ചെയ്തുവരുന്നു. വനഭൂമി നിർണ്ണയം സംബന്ധിച്ച തർക്കങ്ങളിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ പ്രശ്നത്തിന് പരിഹാരം കണ്ടുവരുന്നു.

(ബി) മിച്ചഭൂമിനിർണ്ണയം, മിച്ചഭൂമിക്ക് പട്ടയംനൽകൽ, വനഭൂമി അതിർത്തി നിർണ്ണയം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) തർക്കം നിലനിൽക്കുന്ന കേസുകളിൽ സംയുക്ത പരിശോധന നടത്തിവരുന്നു. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊ ട്ടാകെ 614 കേസുകളിൽ തർക്കം പരിഹരിച്ചിട്ടുണ്ട്.

(ഡി) കർഷകർ കൈവശപ്പെടുത്തിയിട്ടുള്ള മുഴുവൻ ഭൂമിക്കും പട്ടയം ലഭിക്കണമെന്ന ആവശ്യവുമായി ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തി ട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ചില കൈവശക്കാർ തങ്ങൾ കൈവശപ്പെടുത്തിയിട്ടുള്ള ഭൂമിക്ക് പട്ടയം ലഭിക്കണമെന്ന ആവശ്യവു മായി ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വനം വകുപ്പും, റവന്യൂ വകുപ്പും സംയുക്തമായി ഓരോ കൈവ ശവും പരിശോധിച്ച് രേഖകൾ നൽകുന്നതിന് ഇപ്പോൾ നിലവിലുള്ള ഗവൺമെന്റ് നിലപാട് കൈയേറ്റക്കാരെ സഹായിക്കുന്ന തരത്തിലുള്ളതല്ല.

കണ്ണൂർ ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം

264 [3240] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം വ്യക്ത മാക്കാമോ;

(ബി) തലശ്ശേരി താലൂക്കിൽ ഏതെല്ലാം വില്ലേജുകളിലാണ് പുറമ്പോക്ക് ഭൂമിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തലശ്ശേരി താലൂക്കിലെ കൊളവല്ലൂർ, പാനൂർ വില്ലേജുകളിൽ സാംസ്കാരിക കേന്ദ്രങ്ങൾ പണിയാൻവേണ്ടി ചെണ്ടയാട് പി. ആർ. സ്മാരക ട്രസ്റ്റ് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10,996.37 ഏക്കർ.

(ബി) തലശ്ശേരി താലൂക്കിൽ എല്ലാ വില്ലേജുകളിലും പുറമ്പോക്ക് ഭൂമിയുണ്ട്.

(സി) തലശ്ശേരി താലൂക്കിൽ കൊളവല്ലൂർ വില്ലേജിൽ പി. ആർ. സ്മാരക സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനം പരിശോധിച്ചുവരുന്നു.

പട്ടയ വിതരണം

265 [3242] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിൽ യു. ഡി. എഫ്. സർക്കാരിന്റെ കാലയളവിൽ എത്ര പട്ടയം നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭിച്ചിട്ടില്ലാത്ത എത്ര കോളനികൾ കുന്ദമംഗലം മണ്ഡലത്തിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കോളനികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കുന്ദമംഗലം മണ്ഡലത്തിലെ മുഴുവൻ കോളനികൾക്കും എന്നത്തേക്ക് പട്ടയം നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 136 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

മുക്കം പഞ്ചായത്ത്	-	41	എണ്ണം
പെരുമണ്ണ പഞ്ചായത്ത്	-	5	"
മാവൂർ പഞ്ചായത്ത്	-	7	"
ചാത്തമംഗലം പഞ്ചായത്ത്	-	41	"
കുന്ദമംഗലം പഞ്ചായത്ത്	-	36	"
കുരുവട്ടൂർ പഞ്ചായത്ത്	-	6	"

(ബി) കോളനിയിലെ നിവാസികൾക്കാണ് പട്ടയം നൽകുന്നത്. പട്ടയം നൽകുന്നതിന് പഞ്ചായത്തിന്റെ അനുമതിപത്രിക ലഭിച്ച എല്ലാ അപേക്ഷകർക്കും പട്ടയം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly